**File No.E1/147/2021-TC**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം – 14,*
[☎0471-2333337/2333317. ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]
തീയ്യതി, 20/09/2021

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും (എൻഫോഴ്സ്മെൻറ്),
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം : മോട്ടോർ വാഹന വകുപ്പ് – ***'ഓപ്പറേഷൻ റാഷ്'*** – എൻഫോഴ്സ്മെൻറ് – ഡ്രൈവ് നടത്തുന്നത് – സംബന്ധിച്ച്.

സൂചന :– ബഹു.അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം.

പൊതു നിരത്തുകളിൽ സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിന് അനധികൃത രൂപമാറ്റം നടത്തിയിട്ടുള്ള വാഹനങ്ങൾക്കെതിരെയും വാഹനങ്ങളുടെ അപകടകരമായ ഉപയോഗങ്ങൾക്കെതിരെയും (അമിത വേഗത, മത്സരയോട്ടം, സിഗ്നൽ ലംഘനം തുടങ്ങിയ നിയമ ലംഘനങ്ങൾ) കർശന നടപടികൾ സ്വീകരിക്കുന്നതിനായി '***ഓപ്പറേഷൻ റാഷ്***' എന്ന പേരിൽ ഒരു എൻഫോഴ്സ്മെൻറ് ഡ്രൈവ് നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ പൊതുനിരത്തുകളിൽ അപകടകരമായ രീതിയിൽ വാഹനം ഉപയോഗിക്കുന്നവർക്കെതിരെ നിയമ നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു. ഓരോ ജില്ലകളിലേയും എൻഫോഴ്സ്മെൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ വിവിധ സമയങ്ങളിൽ പരിശോധന നടത്തുന്നതിന് duty schedule ക്രമീകരിച്ച് നിയമ ലംഘകരെ കണ്ടെത്തി നടപടികൾ സ്വീകരിച്ച് അതാത് ദിവസത്തെ checking details അന്നേ ദിവസം തന്നെ മേഖല ഓഫീസുകൾക്ക് കൈമാറേണ്ടതും മേഖല ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച റിപ്പോർട്ട് നിശ്ചിത മാതൃകയിൽ (മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) ആഴ്ചയിലെ അവസാന പ്രവർത്തിദിവസം വൈകിട്ട് 5 മണിക്കു മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. ആയതിൽ വീഴ്ച

വരുത്താതിരിക്കുന്നതിന് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Digitally signed by PRAMOJ SANKER P S
Date:Mon Sep 20 17:15:51 IST 2021
Reason: Approved

Pramoj Sanker P S
Additional Transport Commissioner

മോട്ടോർ വാഹന വകുപ്പ്, കേരള

| Sl No | Offense Detected | No of cases | Fine collected | Remarks |
|---|---|---|---|---|
| 1. | Over speed | | | |
| 2. | Red light Jumping | | | |
| 3. | Driving under the influence of Drugs / Alchohol. | | | |
| 4. | Unauthorised alteration | | | |
| 5. | Minor drivers / driving without license. | | | |
| 6. | Wrong side overtaking | | | |
| 7. | Tripple riding | | | |
| 8. | Others | | | |
| Total fine amount collected. | | | | |